**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:07-04-2025**

## പ്രധാനവാർത്തകൾ

1. കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് കൊച്ചിയിൽ; കൊച്ചി കപ്പൽശാലയിലെ രണ്ട് ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് ചടങ്ങിൽ പങ്കെടുക്കും.
2. മുനമ്പം ജുഡീഷ്യൽ കമ്മീഷന് തൽക്കാലം പ്രവർത്തനം തുടരാമെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച്; വിധി ആശ്വാസകരമെന്ന് മന്ത്രി പി രാജീവ്.
3. പാലക്കാട് കാട്ടാന ആക്രമണത്തിൽ യുവാവ് കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധം ശക്തം; ജനവാസമേഖലയിൽ വന്യമൃഗങ്ങൾ എത്തുന്നത് തടയാൻ പ്രതിരോധ മാർഗങ്ങൾ കൂടുതൽ ഉർജ്ജിതമാക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.
4. സംസ്ഥാനത്ത് വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സമരം ചെയ്യുന്ന ആശാവർക്കർമാരുമായി മന്ത്രി വി. ശിവൻകുട്ടി ഇന്ന് ചർച്ച നടത്തും.
5. ആഗോള വിപണികളിലെ നഷ്ടത്തെ തുർന്ന് രാജ്യത്തെ ഓഹരി വിപണികളിൽ വൻ ഇടിവ്.
6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ- ബംഗളുരു പോരാട്ടം.

&&&&&&&&&&&&&&&&

RNU TVPM

## രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പോർച്ചുഗൽ-സ്ലോവാക്യ സന്ദർശനത്തിന് തുടക്കമായി. ഇന്ന് പുലർച്ചെ ലിസ്ബണിലെത്തിയ രാഷ്ട്രപതി, പോർച്ചുഗലിൽ പ്രസിഡന്റ് മാഴ്സെലോ റെബെലോ ഡിസൂസയുമായി ചർച്ച നടത്തും. പോർച്ചുഗല്ലിലെ ഇന്ത്യൻ സമൂഹത്തെയും വിവിധ സർവ്വകലാശാലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ഇന്ത്യൻ ശാസ്ത്രജ്ഞരുമായി കൂടിക്കാഴ്ച നടത്തും. യാത്രയുടെ രണ്ടാം പാതത്തിൽ ഈമാസം 9 ന് രാഷ്ട്രപതി സ്ലൊവാക്യ സന്ദർശിക്കും.

&&&&&&&&&&&&&&&&

## സോനോവാൾ

കൊച്ചി കപ്പൽശാല നിർമിക്കുന്ന രണ്ട് ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് ചടങ്ങിൽ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് വൈകുന്നേരം പങ്കെടുക്കും. കപ്പൽശാലയിൽ നിർമാണത്തിൽ ഇരിക്കുന്ന സക്ഷൻ ഹോപ്പർ ഡ്രഡ്ജറിൻറെ നിർമാണ പുരോഗതിയും മന്ത്രി വിലയിരുത്തും. കൂടാതെ, ടെറാമാരിസ്, മിയ വാക്കി വാക്ക് വേകളുടെ സമർപ്പണവും അദ്ദേഹം നിർവഹിക്കും.

&&&&&&&&&&&&&&&&

## മുനമ്പം കേസ്

സംസ്ഥാന സർക്കാർ നിയമിച്ച മുനമ്പം ജുഡീഷ്യൽ കമ്മീഷന് തൽക്കാലം പ്രവർത്തനം തുടരാമെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച്. കമ്മീഷൻ റദ്ദാക്കിയ സിംഗിൾ ബെഞ്ച് നടപടി ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ സംസ്ഥാന

PNU TVPM

സർക്കാർ സമർപ്പിച്ച അപ്പീലിലാണ് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ , ജസ്റ്റിസ് എസ് മനു എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെ ഇടക്കാല ഉത്തരവ്. അപ്പീൽ, ജൂൺ 16 ന് വീണ്ടും പരിഗണിക്കും.

**&&&&&&&&&&&&&&&&**

**<u>പി.രാജീവ് (ഇൻട്രോ)</u>**

അതേസമയം, മുനമ്പം വിഷയത്തിലെ ഹൈക്കോടതി വിധി ആശ്വാസകരമാണെന്ന് മന്ത്രി പി രാജീവ്. കമ്മീഷന്റെ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മുനമ്പത്ത് നിന്ന് ആരേയും കുടിയൊഴിപ്പിക്കില്ല എന്ന സർക്കാർ നിലപാട് മന്ത്രി ആവർത്തിച്ചു. (വോയിസ്)

RIUTVPM

**&&&&&&&&&&&&&&&&**

**<u>പി.എം-ലോകാരോഗ്യദിനം</u>**

ഇന്ന് ലോകാരോഗ്യദിനം. 1948-ൽ ലോകാരോഗ്യ സംഘടന സ്ഥാപിതമായതിന്റെ വാർഷികമാണ് ലോകാരോഗ്യ ദിനമായി ആചരിക്കുന്നത്. '**ആരോഗ്യകരമായ തുടക്കം,** പ്രതീക്ഷാ നിർഭരമായ ഭാവി' എന്നതാണ് ഈ വർഷത്തെ പ്രമേയം. അഭിവൃദ്ധി പ്രാപിക്കുന്ന സമൂഹത്തിന്റെ അടിത്തറ നല്ല ആരോഗ്യമാണെന്ന് ലോകാരോഗ്യ ദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

**&&&&&&&&&&&&&&&&**

## വീണാ ജോർജ്

ലോകാരോഗ്യ ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. സർക്കാർ ആശുപത്രികളിൽ മുൻകൂർ ടോക്കൺ, ഡിജിറ്റൽ പണമിടപാടുകൾ എന്നിവ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

&&&&&&&&&&&&&&&&

## പാലക്കാട് -കാട്ടാന ആക്രമണം

പാലക്കാട് മുണ്ടൂരിൽ കാട്ടാന ആക്രമണത്തിൽ യുവാവ് കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ച് സി.പി.ഐ.എം മുണ്ടൂർ പഞ്ചായത്തിൽ ഹർത്താൽ നടത്തുകയാണ്. ബി.ജെ.പി മലമ്പുഴ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡി.എഫ് ഓ ഓഫീസിലേക്ക് മാർച്ച് നടത്തി. കോൺഗ്രസും സംഭവത്തിൽ പ്രതിഷേധിച്ച് ഡി.എഫ് ഒ ഓഫീസ് മാർച്ച് സംഘടിപ്പിച്ചു. ഇന്നലെ രാത്രിയാണ് മുണ്ടൂരിൽ കാട്ടാനയാക്രമണത്തിൽ കയറാംകോട് സ്വദേശി അലൻ കൊല്ലപ്പെട്ടത്. അലനൊപ്പമുണ്ടായിരുന്ന മാതാവ് വിജി പരിക്കുകളോടെ തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ തുടരുകയാണ്.

PRNU TVPM

&&&&&&&&&&&&&&&&

## എ.കെ.ശശീന്ദ്രൻ(ഇൻട്രോ)

ജനവാസമേഖലയിലേക്ക് എത്തുന്ന വന്യമൃഗങ്ങളെ തടയാൻ പ്രതിരോധ മാർഗ്ഗങ്ങൾ കൂടുതൽ ഉർജ്ജിതമാക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. മുണ്ടൂരിൽ കാട്ടാന ആക്രമണത്തിൽ യുവാവ് കൊല്ലപ്പെട്ട സാഹചര്യത്തിലാണ് മന്ത്രിയുടെ

പ്രതികരണം. വനംവകുപ്പിന് വീഴ്ചയുണ്ടായോ എന്ന് പരിശോധിക്കുമെന്ന് മന്ത്രി പറഞ്ഞു.

(വോയിസ്)

**&&&&&&&&&&&&&&&&**

## ആശാവർക്കർ- സമരം

സംസ്ഥാനത്ത് വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സമരം ചെയ്യുന്ന ആശാവർക്കർമാരുമായി മന്ത്രി വി. ശിവൻകുട്ടി ഇന്ന് ചർച്ച നടത്തും. വൈകുന്നേരം 3 മണിക്ക് തിരുവനന്തപുരത്ത് മന്ത്രിയുടെ ചേമ്പറിലാണ് കൂടിക്കാഴ്ച. സർക്കാരും സമരക്കാരും തമ്മിൽ 3 തവണ ചർച്ച നടന്നെങ്കിലും പ്രശ്നത്തിന് പരിഹാരമായില്ല.

PNU TVPM

**&&&&&&&&&&&&&&&&**

## ആർ.ബി.ഐ

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ ധനനയ യോഗത്തിന് മുംബൈയിൽ തുടക്കം. റിപ്പോ, പലിശ നിരക്കുകൾ സംബന്ധിച്ച തീരുമാനം യോഗം കൈക്കൊള്ളും. 2025 - 2026 സാമ്പത്തിക വർഷത്തെ ആദ്യ ധനനയ യോഗമാണിത്. റിപ്പോ - റിവേഴ്സ് റിപ്പോ നിരക്കുകൾ മറ്റെന്നാൾ പ്രഖ്യാപിക്കും. രണ്ട് മാസത്തിൽ ഒരിക്കലാണ് ആർ ബി ഐ ധനനയ യോഗം ചേരുന്നത്.

**&&&&&&&&&&&&&&&&**

## വയനാട് (ഇൻട്രോ)

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരിതത്തിന്റെ പശ്ചാത്തലത്തിൽ വയനാട്ടിലെ 14 കേന്ദ്രങ്ങളിൽ അമൃത

വിശ്വവിദ്യാപീഠം ഉരുൾപൊട്ടൽ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നു. നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങൾ വരുന്നതോടെ ഉരുൾപൊട്ടൽ സാധ്യതകൾ മുൻകൂട്ടി അറിയാനും സാധിക്കും.

വിശദാംശങ്ങളുമായി ആകാശവാണി **വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.....**

(വോയിസ്)

**&&&&&&&&&&&&&&&&**

## കേരളോത്സവം- കൂട്ടയോട്ടം

സംസ്ഥാന കേരളോത്സവത്തിന്റെ ഭാഗമായി 'നോ പറയാം മയക്കു മരുന്നിനോട്, ചേർത്തു പിടിക്കാം നമ്മുടെ നാടിനെ' എന്ന മുദ്രാവാക്യവുമായി ഇന്ന് കൂട്ടയോട്ടം സംഘടിപ്പിക്കും. മന്ത്രി കെ.രാജൻ വൈകിട്ട് കോതമംഗലത്ത് കൂട്ടയോട്ടം ഫ്ലാഗ് ഓഫ് ചെയ്യും. യുവജനങ്ങളുടെ കലാ-കായിക സർഗശേഷികൾക്ക് അവസരം നൽകുകയെന്ന ലക്ഷ്യത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാന യുവജന ക്ഷേമ ബോർഡാണ് കേരളോത്സവം സംഘടിപ്പിക്കുന്നത്. നാളെ കോതമംഗലം മാർ ബേസിൽ ഹയർസെക്കണ്ടറി സ്കൂളിൽ മന്ത്രി P രാജീവ് കേരളോത്സവം ഉദ്ഘാടനം ചെയ്യും.

RNU TVPM

**&&&&&&&&&&&&&&&&**

## അധ്യാപകർ-വി.ശിവൻകുട്ടി

സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂൾ അധ്യാപരുടെ ഓൺലൈൻ സ്ഥലമാറ്റ പ്രക്രിയ ഇന്നു മുതൽ ആരംഭിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി.

ഇതിനായി അധ്യാപരുടെ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാനും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ അത് വെരിഫൈ ചെയ്യാനും കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും ഹയർസെക്കന്ററി ട്രാൻസ്ഫർ പോർട്ടലിൽ പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&&&**

## ഇടുക്കി (ഇൻട്രോ)

മധ്യവേനൽ അവധിക്കാലം ആരംഭിച്ചതോടെ ഇടുക്കി അഞ്ചുരുളി വിനോദസഞ്ചാര കേന്ദ്രത്തിലേക്ക് സന്ദർശകർ എത്തിത്തുടങ്ങി. ഇടുക്കി ടൂറിസം സർക്യൂട്ടിലെ മറ്റ് സ്ഥലങ്ങൾ സന്ദർശിക്കാൻ എത്തുന്നവരിൽ ഏറെയും അഞ്ചുരുളിയിലെത്തിയാണ് പോകുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയിസ്)

RNU TVPM

**&&&&&&&&&&&&&&&&**

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ വൻ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 2,778 പോയിന്റ് നഷ്ടത്തിൽ 72,585 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 916 പോയിന്റ് ഇടിഞ്ഞ് 21,988 ലും വ്യാപാരം തുടരുന്നു. ആഗോള വിപണികളിലെ നഷ്ടമാണ് ഇന്ത്യയിലും പ്രതിഫലിച്ചത്. സ്വർണവിലയിൽ ഇടിവ്. പവന് 200 രൂപ കുറഞ്ഞ് 66,280 രൂപയും ഗ്രാമിന് 25 രൂപ കുറഞ്ഞ് 8,285 രൂപയുമാണ് ഇന്നത്തെ വില.

**&&&&&&&&&&&&&&&&**

## ഐ,പി.എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സത്തിൽ മുംബൈ-ബംഗളുരുവിനെ നേരിടും. രാത്രി 7.30 ന് മുംബയിലാണ് മത്സരം.

**&&&&&&&&&&&&&&&&**

## മഴ

സംസ്ഥാനത്ത് ഇന്നും ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മണിക്കൂറിൽ 30 മുതൽ 40 വരെ കിലോമീറ്റർ വേഗത്തിൽ കാറ്റിനും സാധ്യത.

**&&&&&&&&&&&&&&&&**

## വി.ശിവൻകുട്ടി-മിനിമം മാർക്ക്

എട്ടാം ക്ലാസിൽ മിനിമം മാർക്ക് കിട്ടാത്ത വിദ്യാർത്ഥികൾക്ക് നാളെ മുതൽ ഈ മാസം 24 വരെ അധിക പിന്തുണാ ക്ലാസ് നൽകുമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. 2,541 സ്കൂളുകളിൽ നിന്നുള്ള എട്ടാം ക്ലാസ് പരീക്ഷാഫലം നിലവിൽ ലഭ്യമായിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

**&&&&&&&&&&&&&&&&&&&&&&&&&&&&&&&&**

RNU TVPM